7

നവംബർ 2020
ശനി
1196 തുലാം 22 1442 റ. അവ്വൽ 21

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 214 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട്-ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം-കാസർകോട്-എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
BANGALORE (Shayda Marg.)
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
KASARAGOD
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

ജ്വല്ലറി നിക്ഷേപ തട്ടിപ്പ്: എം സി ഖമറുദ്ദീൻ എം എൽ എയെ ചോദ്യം ചെയ്തു

കാസർകോട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പു കേസിൽ മഞ്ചേശ്വരം എം എൽ എയും മുസ്ലീംലീഗ് നേതാവുമായ എം സി ഖമറുദ്ദീനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്യുന്നു. ജില്ലാ പൊലീസ് ആസ്ഥാനത്ത് ജില്ലാ പൊലീസ് മേധാവി ഡി ശിൽപ്പയുടെ മേൽനോട്ടത്തിൽ എ എസ് പി വിവേക് കുമാറിന്റെ നേതൃത്വത്തിലാണ് ചോദ്യം ചെയ്യൽ ആരംഭിച്ചത്.

കാസർകോട്, ചന്തേര, പയ്യന്നൂർ പൊലീസ് സ്റ്റേഷനുകളിലായി ഇതിനകം 115 ൽ പരം കേസുകളാണ് ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട പരാതികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസുകളിലെല്ലാം കമ്പനി ചെയർമാനായ എം സി ഖമറുദ്ദീനും മുസ്ലീംലീഗ് ജില്ലാ പ്രവർത്തക സമിതി അംഗവും ജ്വല്ലറി മാനേജിംഗ് ഡയറക്ടറുമായ ടി കെ പൂക്കോയ തങ്ങളും പ്രതികളാണ്. അന്വേഷണത്തിന്റെ ഭാഗമായി ടി.കെ പൂക്കോയ തങ്ങളടക്കമുള്ള പ്രതികളെയെല്ലാം ചോദ്യം ചെയ്തിരുന്നുവെങ്കിലും എം. എൽഎയെ ചോദ്യം ചെയ്തിരുന്നില്ല. ഇതു പല തരത്തിലുമുള്ള പരാതികൾക്കും ഇടയാക്കിയിരുന്നു.

ഇതിനകം ചോദ്യം ചെയ്യലിനു വിധേയരായ ടി.കെപൂക്കോയ തങ്ങൾ അടക്കമുള്ള പ്രതികളിൽ നിന്ന് സുപ്രധാന വിവരങ്ങളാണ് അന്വേഷണ സംഘത്തിനു ലഭിച്ചത്. ഈ വിവരങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രത്യേക ചോദ്യാവലി പ്രകാരമാണ് എം.എൽ.എയെ ചോദ്യം ചെയ്യുന്നതെന്നാണ് സൂചന. അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം കസ്റ്റഡിയിലെടുത്ത രേഖകൾ വിശദമായി പരിശോധിച്ചതിൽ നിന്നു കണ്ടെത്തിയ കാര്യങ്ങളും ചോദ്യാവലിയിൽ ഉള്ളതായി സൂചനയുണ്ട്. ജ്വല്ലറി ആസ്തിയായ കിലോ കണക്കിനു സ്വർണ്ണം കടത്തിക്കൊണ്ടു പോയിട്ടുള്ളതായും കമ്പനിയുടെ തുക ഉപയോഗിച്ച് ബംഗ്ളൂരുവിലടക്കം വാങ്ങി കൂട്ടിയ സ്വത്തുക്കൾ മറിച്ചു വിറ്റതായും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ഇതിലൊക്കെ വ്യക്തത വരുത്താൻ മുഖ്യ പ്രതിയായ എം. എൽ.എയെ ചോദ്യം ചെയ്യുന്നതു വഴി കഴിയുമെന്നാണ് അന്വേഷണ സംഘത്തിന്റെ വിലയിരുത്തൽ.

ചോദ്യം ചെയ്യൽ ഇ ഡി കാസർകോട്ടെത്തും മുമ്പെ

കാസർകോട്: ഫാഷൻ ഗോൾഡ് നിക്ഷേപ തട്ടിപ്പു കേസിൽ എം സി ഖമറുദ്ദീൻ എം എൽ എയെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സംഘം കാസർകോട്ടേക്ക് ഉടൻ എത്തുമെന്ന സൂചനകൾക്കിടയിൽ.കണ്ണൂർ, അഴീക്കോട്ടെ ഒരു വിദ്യാലയത്തിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് മുസ്ലീംലീഗ് നേതാവ് കെ എം ഷാജി കാൽക്കോടി രൂപ കൈപ്പറ്റിയെന്ന പരാതിയിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഇ ഡി സംഘം ഉടൻ കാസർകോട്ടെത്തുമെന്നാണ് കഴിഞ്ഞ ദിവസം പുറത്തു വന്ന റിപ്പോർട്ടുകൾ. ജ്വല്ലറിയിൽ നിക്ഷേപിക്കപ്പെട്ട പണത്തിൽ അനധികൃത പണം ഉണ്ടോയെന്നു കണ്ടെത്തുകയാണ് ഇ ഡിയുടെ ലക്ഷ്യം. ഇതിനുള്ള ഒരുക്കങ്ങൾ തുടരുന്നതിനിടയിലാണ് എം സി ഖമറുദ്ദീൻ എം എൽ യെ ഇന്നു രാവിലെ വിളിച്ചുവരുത്തി പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തത്.

സമസ്ത നേതാവ് സി അഹമ്മദ് മുസ്ലിയാർ അന്തരിച്ചു

കാസർകോട്: സമസ്ത ജില്ലാ മുശാവറ അംഗം ചെർക്കളത്തെ സി അഹമ്മദ് മുസ്ലിയാർ (78) അന്തരിച്ചു.എം ഐ സി വൈസ് പ്രസിഡണ്ട്, കണ്ണിയത്ത് അക്കാദമി വൈസ് പ്രസിഡണ്ട്, കാസർകോട് സംയുക്ത ജമാഅത്ത് കമ്മിറ്റി അംഗം എസ് എം എഫ് മണ്ഡലം പ്രസിഡണ്ട്, ജംഇയ്യത്തുൽ ഉലമ മണ്ഡലം ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. ഭാര്യ: ഖദീജ ഹജ്ജുമ്മ. മക്കൾ: മുഹമ്മദ് കമാൽ, ബശീർ കമാലിയ, സലാം കമാലിയ, അസീസ് കമാലിയ, നുസൈബ, ശഹ്റാന. മരുമക്കൾ: ആയിഷ, സൗദ, സീനത്ത്, മിനാസ്, റാസിയ, അബ്ദുൽ അസീസ്, അഷ്റഫ്.

കോൺസുലേറ്റ് വഴി ഖുർആർ വിതരണം

ചോദ്യം ചെയ്യലിന് ഹാജരാകാൻ മന്ത്രി ജലീലിന് കസ്റ്റംസ് നോട്ടീസ്

തിരു: സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിലെ രാഷ്ട്രീയം തുറന്നു കാട്ടാൻ സി പി എം സംസ്ഥാന സെക്രട്ടറിയേറ്റ് തീരുമാനിച്ചതിന് പിന്നാലെ മന്ത്രി കെ ടി ജലീലിന് കസ്റ്റംസ് നോട്ടീസ്. യു എ ഇ കോൺസുലേറ്റുവഴി ഖുർ ആൻ വിതരണം ചെയ്ത കേസിൽ തിങ്കളാഴ്ച്ച ചോദ്യം ചെയ്യലിന് വിധേയനാകണമെന്ന് ആവശ്യപ്പെട്ടാണ് നോട്ടീസ് നൽകിയത്. കൊച്ചിയിലെ കസ്റ്റംസ് പ്രിവന്റീവ് ആസ്ഥാനത്ത് ഹാജരാകാനാണ് നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്. യു എ ഇ കോൺസുലേറ്റ് മുഖേന ആകെ 4478 കിലോ ഗ്രാം തൂക്കമുള്ള ഗ്രന്ഥങ്ങൾ ആണ് നയതന്ത്ര പാഴ്സൽ വഴി സംസ്ഥാനത്ത് എത്തിച്ചത്. ഇവ പിന്നീട് സർക്കാർ സ്ഥാപനമായ സി ആപ്റ്റിന്റെ വാഹനത്തിൽ കയറ്റി മലപ്പുറത്തും മറ്റും എത്തിച്ചിരുന്നു. എന്നാൽ ഇവിടെ നിന്നു ഗ്രന്ഥങ്ങൾ മറ്റു സ്ഥലങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോയെന്നാണ് ആരോപണം. ഇത് മന്ത്രിയുടെ അറിവോടെയാണെന്ന് കസ്റ്റംസ് ആരോപിക്കുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനാണ് കസ്റ്റംസ് മന്ത്രി കെ ടി ജലീലിനെ ഓഫീസിലേയ്ക്ക് വിളിപ്പിച്ച് ചോദ്യം ചെയ്യുന്നത്. ഗ്രന്ഥങ്ങൾ വിതരണം ചെയ്തതിൽ പ്രോട്ടോകോൾ ലംഘനം ഉണ്ടായിട്ടുണ്ടെന്നാണ് അന്വേഷണ ഏജൻസികളുടെ സംശയം. നയതന്ത്ര പാഴ്സലായി എത്തുന്ന സാധനങ്ങൾ പുറത്ത് വിതരണം ചെയ്യുന്നത് നിയമപരമല്ലെന്നാണ് കസ്റ്റംസിന്റെ കണ്ടെത്തൽ.

അതേസമയം സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ദേശീയ അന്വേഷണ ഏജൻസി (എൻ ഐ എ)യും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും നേരത്തെ രണ്ടുതവണ മന്ത്രി ജലീലിനെ ചോദ്യം ചെയ്തിരുന്നു. എന്നാൽ മന്ത്രിക്കെതിരെ കുറ്റങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് മന്ത്രി ജലീലിനെ ചോദ്യം ചെയ്യാൻ കസ്റ്റംസ് നോട്ടീസ് നൽകിയതും.

കർണ്ണാടക സ്വദേശി റോഡരുകിൽ മരിച്ച നിലയിൽ

മഞ്ചേശ്വരം: കർണ്ണാടക സ്വദേശിയായ യുവാവിനെ റോഡരുകിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തി.

ഇന്ന് രാവിലെ കുഞ്ചത്തൂർ പദവ് റോഡിലാണ് മൃതദേഹം കണ്ടെത്തിയത്. കർണ്ണാടക ഗദകയിലെ ഹനുമന്ത (35)യെയാണ് മരിച്ച നിലയിൽ കാണപ്പെട്ടത്.

മംഗളൂരു കൊടിയാൽ ബയലിലെ കാന്റീനിൽ ജീവനക്കാരനായ ഹനുമന്ത തലപ്പാടിക്കടുത്ത് ദേവീ പുരത്താണ് കാർട്ടേഴ്സിൽ താമസിച്ചുവരുന്നത്. ഇയാൾ എന്തിനാണ് കുഞ്ചത്തൂർ പദവ് റോഡിലെത്തിയതെന്ന സംശയമുണ്ട്. ദുരൂഹത യുണ്ടാക്കിയത്. യുവാവ് മരിച്ച സ്ഥലത്തിന് തൊട്ടടുത്തായി പുത്തൻ സ്കൂട്ടറും മറിഞ്ഞു കിടക്കുന്നുണ്ട്. സ്കൂട്ടറിൽ സഞ്ചരിക്കവെ മറിഞ്ഞു വീണതാണോ എന്ന സംശയവും ഉയർന്നിട്ടുണ്ട്. മൃതദേഹം പോസ്റ്റ് മോർട്ടത്തിനായി പരിയാരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ട് പോയി.

കുഞ്ചത്തൂർപദവ് റോഡരികിൽ കണ്ട മൃതദേഹം പൊലീസ് പരിശോധിക്കുന്നു

നടിയെ ആക്രമിച്ച കേസിലെ സാക്ഷിക്ക് ഭീഷണി

പിന്നിൽ മുൻ മന്ത്രിയുടെ പി എ എന്ന് സൂചന

ഉദുമ: നടിയെ ആക്രമിച്ച കേസിലെ മാപ്പു സാക്ഷിയെ ഭീഷണിപ്പെടുത്തിയ കേസിലെ പ്രതിയെ തിരിച്ചറിഞ്ഞു. മുൻ മന്ത്രിയും ഇപ്പോൾ എം എൽ എയുമായ ഒരാളുടെ പി എയാണ് ഭീഷണിപ്പെടുത്തിയതെന്നാണ് സൂചന. ഇതേ തുടർന്ന് ഇയാളെ കണ്ടെത്താൻ അന്വേഷണ സംഘം എറണാകുളം, കൊല്ലം ജില്ലകളിൽ തെരച്ചിൽ ആരംഭിച്ചു.

ബേക്കൽ, മലാംകുന്നിൽ താമസക്കാരനായ വിപിൻ ലാൽ ആണ് കേസിലെ പരാതിക്കാരൻ. നേരത്തെ ജയിലിൽ കഴിയുന്നതിനിടയിലാണ് നടിയെ ആക്രമിച്ച കേസിൽ പ്രതിയായ കുപ്രസിദ്ധനായ ഒരാളെ വിപിൻലാൽ പരിചയപ്പെട്ടത്. ഈ സമയത്ത് നടിയുമായി ബന്ധപ്പെട്ട് കത്തെഴുതിയത് വിപിൻലാൽ ആണ്. ഇതേ തുടർന്ന് വിപിൻലാലിനെ കേസിൽ സാക്ഷിയാക്കിയിരുന്നു. കേസിന്റെ വിചാരണയ്ക്കിടയിൽ പ്രതികൾ വിപിൻലാലിനെ സ്വാധീനിക്കാൻ ശ്രമിച്ചിരുന്നു. അതിനു വഴങ്ങാതെ വന്നപ്പോൾ കത്തുകളിലൂടെ ഭീഷണിപ്പെടുത്തി. എന്നാൽ മൊഴി മാറ്റാൻ തയ്യാറാകാത്തതിനെ തുടർന്ന് ഭീഷണിപ്പെടുത്തിയ ആൾ നേരിട്ട് കാസർകോട്ട് എത്തുകയും വിപിൻലാലിന്റെ ബന്ധുവിനെ കണ്ട് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇതോടെയാണ് സംഭവത്തിൽ വിപിൻലാൽ ബേക്കൽ പൊലീസിൽ പരാതി നൽകിയതും കേസ് രജിസ്റ്റർ ചെയ്തത്. പരാതിക്കാരനു ഭീഷണി ഉള്ളതിനാൽ സാക്ഷികളെ സംരക്ഷിക്കുന്ന നിയമ പ്രകാരം വിപിൻലാലിൽ നിന്നു പൊലീസ് സംഘം മൊഴിയെടുത്തിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവങ്ങൾക്കു പിന്നാലെയാണ് സാക്ഷിയെ ഭീഷണിപ്പെടുത്തിയത് എം എൽ എയുടെ പി എ ആണെന്ന വിവരം പൊലീസിനു ലഭിച്ചത്. പ്രസ്തുത ആളെ കണ്ടെത്തി ഭീഷണിക്കത്തിലെ കൈപ്പട സംശയിക്കപ്പെടുന്ന ആളുടേതുതന്നെയാണെന്നു ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും അന്വേഷണ സംഘം ആരംഭിച്ചിട്ടുണ്ട്. പരാതിക്കാരന്റെ അമ്മാവനെ സന്ദർശിച്ച ആൾ കാഞ്ഞങ്ങാട്ടെ ലോഡ്ജിൽ താമസിച്ചാണ് കാര്യങ്ങൾ നടത്തിയതെന്നും അവിടെ നിന്നു കാസർകോട്ടേക്കു എത്തിയ കാറിനെക്കുറിച്ചുള്ള വിവരവും അന്വേഷണ സംഘത്തിനു ലഭിച്ചിട്ടുണ്ടെന്നാണ് സൂചന.

യുവതിയെ പീഡിപ്പിക്കാൻ ശ്രമം: പീഡനക്കേസിൽ ജയിൽവാസം കഴിഞ്ഞിറങ്ങിയ ആൾ അറസ്റ്റിൽ

ആദൂർ: 22 കാരിയായ പട്ടികജാതി യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ചതിന് ആദൂർ മല്ലാവരയിലെ സുധീഷി(32)നെ പൊലീസ് അറസ്റ്റു ചെയ്തു. യുവതിയുടെ വീട്ടു പരിസരത്തു ചുറ്റിക്കളിക്കുകയായിരുന്ന ഇയാളെ ഇന്നലെ വൈകിട്ടാണ് പൊലീസ് പിടികൂടിയത്. ഒരാഴ്ചയായി ഇയാൾ യുവതിയെ നിരന്തരമായി ശല്യപ്പെടുത്തുകയായിരുന്നെന്നു പറയുന്നു.നേരത്തെ പ്രായപൂർത്തിയാകാത്ത കുട്ടിയെ പീഡിപ്പിച്ചതിന് ഇയാൾ മൂന്നര വർഷം ജയിൽവാസമനുഭവിച്ചിരുന്നു. കോവിഡ് വ്യാപനത്തോടനുബന്ധിച്ച് പുറത്തുവിട്ട ജയിൽ പുള്ളികൾക്കൊപ്പമാണ് ഇയാളും നാട്ടിലെത്തിയതെന്നു പറയുന്നു. സുധീഷിനെ ഇന്നു കോടതിയിൽ ഹാജരാക്കും.

ദൊമ്പത്തടുക്ക കരിങ്കൽ ക്വാറി പ്രവർത്തനം കോടതി തടഞ്ഞു

ബെള്ളൂർ: വിവാദമായ ദൊമ്പത്തടുത്ത കരിങ്കൽ ക്വാറിയുടെ പ്രവർത്തനം കോടതി താൽക്കാലികമായി തടഞ്ഞു.

കാസർകോട് മുൻസിഫ് കോടതിയാണ് പണി താൽക്കാലികമായി തടഞ്ഞത്. സ്ഥലവാസികളായ ഇസ്മായിൽ, സർവേശ് റൈ, മഹാലിംഗ നായിക് എന്നിവരുടെ പരാതിയിലാണ് കോടതി നടപടി. കരിങ്കൽ ക്വാറിയിൽ പാറപൊട്ടിക്കുന്നതു തങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്ന് പരാതിയിൽ ഇവർ പറഞ്ഞു.

ഹോട്ടലിന്റെ മേൽക്കൂര തകർന്നു

ഉപ്പള: ശക്തമായ കാറ്റിൽ ഹോട്ടലിന്റെ മേൽക്കൂര തകർന്നു. കഴിഞ്ഞ ദിവസം രാത്രി ബായാർപദവിലാണ് സംഭവം.ഗോപാലനായിക്കിന്റെ ഉടമസ്ഥതയിലുള്ള ഹോട്ടലിന്റെ മേൽക്കൂരയാണ് തകർന്നത്.

യുഎസ്:ജോബൈഡൻ വൈറ്റ് ഹൗസിന്റെ പടിവാതിലിലെത്തി

ഒന്നാംദിവസം: കോവിഡ് വൈറസ് നശീകരണത്തിന് കർമ്മ പദ്ധതി



വാഷിംഗ്ടൺ: അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ അധികാര സ്ഥാനത്തേക്കടുത്ത ജോബൈഡൻ ആദ്യ ദിവസത്തെ കർമ്മ പദ്ധതി പ്രഖ്യാപിച്ചു.

മാരകമായ കോവിഡ് വൈറസിനെ നിയന്ത്രിക്കാനുള്ള കർമ്മ പദ്ധതിയായിരിക്കും അധികാരമേൽക്കുന്ന ആദ്യ ദിവസത്തെ പ്രഥമ കർമ്മമെന്ന് അദ്ദേഹം പറഞ്ഞു.

യു.എസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ താൻ വിജയത്തോടടുത്തു. ഡൊണാൾഡ് ട്രമ്പിന്റെ തോൽവി ഉറപ്പായെന്നും അദ്ദേഹം പറഞ്ഞു.

നായിക്കാപ്പിനടുത്ത് തകൃതിയിൽ നടക്കുന്ന ചെങ്കൽ ഖനനം

ജില്ലയിൽ അനധികൃത- ചെങ്കൽ-കരിങ്കൽ-പൂഴി ഖനനം വ്യാപകം

കുമ്പള: അധികൃതർ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടപടികളിൽ വ്യാപൃതരായതോടെ പൂഴി-കരിങ്കല്ല്-ചെങ്കല്ല് മാഫിയകൾ തലപൊക്കിത്തുടങ്ങി.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ചെങ്കൽ ഖനനം അനധികൃതമായി ശക്തിപ്രാപിച്ചു. കോയിപ്പാടി വില്ലേജിലെ നായ്ക്കാപ്പിനടുത്തും അനന്തപുരത്തിനടുത്തും ലോഡുകണക്കിനു ചെങ്കല്ലു മുറിച്ചു കടത്തിക്കൊണ്ടിരിക്കുകയാണെന്ന് ആക്ഷേപമുണ്ട്. ബേളവില്ലേജ് പരിധിയിലും സീതാംഗോളി, കിൻഫ്രാ പാർക്കിനു മുൻവശവും ചെങ്കൽ കൊയ്ത്തു സർവസന്നാഹത്തോടെ തുടരുകയാണെന്ന് നാട്ടുകാർ പറയുന്നു.

പൊലീസധികൃതർ ഇടയ്ക്കിടെ അതുവഴി മിന്നിമറയുന്നതു കൊണ്ടു ചെങ്കൽകടത്തു സംഘം പകൽ സമയങ്ങളിൽ പത്തി മടക്കുന്നുണ്ടെങ്കിലും കല്ലുവെട്ടു പൂർവ്വാധികം ശക്തിയായി തുടരുകയാണെന്നാണ് ആക്ഷേപം.

ആർ.ഡി.ഒയുടെ പരിസ്ഥിതി അനുമതി സർട്ടിഫിക്കറ്റും ജിയോളജി വകുപ്പിന്റെ പെർമിറ്റും ഉണ്ടെങ്കിലേ ചെങ്കല്ല് ഖനന മുൾപ്പെടെ ഏതു ഖനനവും നടത്താൻ പാടുള്ളൂ.

മാത്രമല്ല ഖനിജ വസ്തുവിനു സർക്കാരിനു റോയൽറ്റിയും നൽകേണ്ടതാണ്. എന്നാൽ ഇതൊന്നുമില്ലാതെ തീർത്തും അനധികൃതമായാണ് ജില്ലയിൽ ഖനന പ്രവർത്തനങ്ങളെന്നു വ്യാപകമായി പരാതിയുണ്ട്.

മെക്കാഡം ടാറിംഗ് നടത്താൻ മരാമത്തും; കുത്തിപ്പൊളിക്കാൻ വാട്ടർ അതോറിറ്റിയും

കാസർകോട്: റോഡ് ഗതാഗതം സുഗമമാക്കാനും ടൗൺ സൗന്ദര്യവൽക്കരണം ഉറപ്പാക്കുന്നതിനും ലക്ഷനാവിൽ നിന്നു വൻതുക ചെലവാക്കി മെക്കാഡം ടാർ ചെയ്തു വെടിപ്പാക്കിയ റോഡ് സർക്കാരിന്റെ വാട്ടർ അതോറിറ്റിക്കാർ കുത്തിപ്പൊളിക്കുന്നു.

കാസർകോട് ടൗണിലെ ഹെഡ് പോസ്റ്റ് ഓഫീസിനു മുന്നിലാണ് മെക്കാഡം ടാർ റോഡ് തൊഴിലാളികൾ വിയർപ്പൊഴുക്കി കുത്തിപ്പൊളിക്കുന്നത്. ഇത്തരത്തിൽ കെ പി ആർ റാവു റോഡിൽ കെ എസ് ആർ ടി സി ബസ്സ്റ്റാന്റിനടുത്ത് അടുത്തിടെ വെട്ടിപ്പൊളിച്ച മെക്കാഡം ടാറിംഗ് വാഹന യാത്രക്ക് ഭീഷണിയായിരിക്കുകയാണ്.മെക്കാഡം ടാറിംഗ് നടത്തിയ റോഡിനടിയിൽ വാട്ടർ അതോറിറ്റിയുടെ വാൽവിനുണ്ടാവുന്ന തകരാറാണ് ലക്ഷനാവിലെ പണം കാർന്നു തിന്നുകയും പൊതുജനദ്രോഹ മാവുകയും ചെയ്യുന്നത്.വാട്ടർ അതോറിറ്റിയുടെ വാൽവുകൾ ഇത്രകാലമായിട്ടും റോഡിനു നടുവിൽ നിന്നു മാറ്റാൻ മരാമത്തുകാർ, അതോറിറ്റിക്കാരോടാവശ്യപ്പെട്ടിട്ടില്ലെന്നു പറയുന്നു. അതോറിറ്റിക്കാർക്ക് അതു മനസ്സിലായിട്ടുമില്ല. റോഡിനു നടുവിലുള്ള വാട്ടർ അതോറിറ്റിയുടെ വാൽവുള്ള സ്ഥലം മെക്കാഡം ടാർ തകർക്കാതെ തന്നെ ഇളക്കാവുന്ന തരത്തിലാക്കാനുള്ള സംവിധാനം മരാമത്തും ചെയ്യുന്നില്ല. സർക്കാരിനു പണമുള്ളപ്പോൾ അവരെന്തിന് ഇതൊക്കെ ആലോചിക്കണം. ഇതേ മനോഭാവം തന്നെ നാടുനന്നാക്കാൻ കച്ചയുടുത്തു നിൽക്കുന്നവരും പുലർത്തുന്നു. ജില്ലാ ഭരണ നേതൃത്വവും അതിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. പൊതു ജനങ്ങളുടെ പണം കൊണ്ട് അവർക്കു നേട്ടമുണ്ടാകുന്നില്ലെങ്കിൽ അങ്ങനെ പോകട്ടെ എന്നു കരുതാം. എന്നാൽ ജനങ്ങളുടെ വഴിമുടക്കുക കൂടി ചെയ്താലേ വാശിതീരൂ എന്ന മനോഭാവം ആരെ നന്നാക്കാനാണെന്ന സംശയം, ഇതൊക്കെ ശക്തിപ്പെടുത്തുന്നു.

ഹെഡ് പോസ്റ്റ് ഓഫീസിനു മുന്നിലെ മെക്കാഡം ടാർ ഇന്നു രാവിലെ കുത്തിപ്പൊളിക്കാൻ തുടങ്ങിയപ്പോൾ